പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2540** 11/10/2011 ൽ മറുപടിയ്ക്ക്

## റീസർവ്വെ സംബന്ധിച്ച അപാകതകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.വി. വിജയദാസ്: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റീസർവ്വെ സംബന്ധിച്ച അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് സമയബന്ധിതമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | റീസർവ്വേ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനായി 31/05/2010 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 200/2010/റവന്യൂ പ്രകാരം എൽ.ആർ.എം. ന്റെ ഭാഗമായി എല്ലാ താലൂക്ക് ഓഫീസുകളിലും കൂടുതൽ ജീവനക്കാരെ നിയോഗിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) കൈവശ ഭൂമിക്ക് പട്ടയം കിട്ടാത്ത നിരവധി ആളുകൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) എങ്കിൽ ഇപ്രകാരമുള്ള കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള പ്രത്യേക അദാലത്ത് സംഘടിപ്പിക്കുവാൻ തയ്യാറാകുമോ? | (ഡി) | പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ